20/1/23



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 1705(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 11414/SIC-Gen4/2022**

**(ഉത്തരവുകൾ sic.kerala.gov.in –ൽ ലഭ്യമാണ്.)**

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2023 ജനുവരി 19

ശ്രീമതി. ശ്രീകല ആർ.,
W/o ജയദേവൻ,
ശ്രീവത്സം, വിജയാംബിക റോഡ്,
അരൂർ പി.ഒ.,
ആലപ്പുഴ – 688 534.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വിദ്യാഭ്യാസ ഉപഡയറക്റുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, കാക്കനാട് പി.ഒ.,
എറണാകുളം–682 030.
2. അപ്പീൽ അധികാരി,
വിദ്യാഭ്യാസ ഉപഡയറക്റുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, കാക്കനാട് പി.ഒ.,
എറണാകുളം–682 030

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 14.3.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 6.4.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 9.5.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 6.6.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18.7.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 21.7.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 4.8.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 2.9.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 18.1.2023 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീമതി. ശ്രീകല ആർ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ

ആവശ്യപ്പെട്ട വിവരങ്ങൾക്ക് ഒന്നാം എതിർകക്ഷി സമയബന്ധിതമായി വിവരങ്ങൾ നൽകിയില്ലെന്നും അപ്പീൽ അധികാരിയുടെ ഉത്തരവിനെ തുടർന്ന് 120/- രൂപ ഒടുക്കിയതിനുശേഷമാണ് വിവരങ്ങൾ നൽകിയതെന്നും ആയതിനാൽ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഈടാക്കിയ തുക തിരിച്ചു നൽകണമെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായ ഒന്നാം എതിർകക്ഷിയ്ക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 14.3.2022 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ 27.8.2020 തീയതിയിലെ പി.എ2/46503/18 നമ്പർ ഉത്തരവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങളാണ്

i. certified copies of the information that shows the total income and expenditure for the academic year 2016-17 in connection with the Kalothsavam and the approved budget.
ii. certified copies of the information that shows the expenditure for the Kalothsavam for the academic year 2016-17 in connection with Works Experience programme and the mode of payment whether account payee cheque/cash cheque or by cash. If the amount is paid by account payee cheque/cash cheque please provide the Cheque Number, date, name of payee, Bank and Branch. If the amount is paid by cash then please provide the certified copy of the Cash Receipt.
iii. Certified copies of information that shows the expenditure for the academic year 2016-17 in connection with video coverage for the Kalothsavam 2016-17 and the mode of payment whether account payee cheque/cash cheque or by cash. If the amount is paid by account payee cheque/cash cheque provide the cheque number, date, name of payee, Bank and branch. If the amount is paid by cash then please provide the certified copy of the cash receipt and so on numbering to eight items.

3. മേൽപ്പടി അപേക്ഷയ്ക്ക് 6.4.2022–ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. തുടർന്ന് 9.5.2022–ന് സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ഹർജിക്കാരി ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി റെക്കാർഡ്സ് ഒന്നും തന്നെ പരിശോധനയ്ക്ക് വിധേയമാക്കിയില്ലെന്നും സമയബന്ധിതമായി വിവരങ്ങൾ നൽകാത്തതിനാൽ വിവരങ്ങൾ സൗജന്യമായി നൽകണമെന്നും ഒന്നാം എതിർകക്ഷിയ്ക്കെതിരെ സെക്ഷൻ 20 പ്രകാരം നടപടി സ്വീകരിക്കണമെന്നുമാണ്. ടി അപ്പീൽ ലഭ്യമായതിനെ തുടർന്ന് ഫീസ് ഒടുക്കി ചലാൻ ഹാജരാക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരി ഫീസ് ഒടുക്കി രസീത് ഹാജരാക്കുകയും തുടർന്ന് 21.7.2022–ന് വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ള താണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി 14.3.2022–ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 6.4.2022–ന് സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതാണെന്നും കൂടാതെ അപേക്ഷക ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ നൽകുന്നത് ശ്രമകരമായ ജോലി ആയതിനാൽ ഫയലുകൾ നേരിട്ട് പരിശോധിക്കാവുന്നതാണെന്നും പരിശോധന നടത്തുവാൻ താത്പര്യപ്പെടുന്ന-പക്ഷം എതിർകക്ഷി കാര്യാലയത്തിൽ അറിയിക്കുന്ന മുറയ്ക്ക് പരിശോധന സമയം അറിയിക്കുന്നതാണെന്നു മറുപടിയിൽ വ്യക്തമാക്കിയിരുന്നു എന്നും ആയതിനാലാണ് പരിശോധനാ സമയം സംബന്ധിച്ച വിവരങ്ങൾ മറുപടിയിൽ ഉൾപ്പെടാതിരുന്നത് എന്നും ഫയൽ പരിശോധനയ്ക്കായി അപേക്ഷകയുടെ നോമിനി ശ്രീ. ടി.എൻ. ജയദേവൻ 25.4.2022–ന് എതിർകക്ഷി കാര്യാലയത്തിൽ നേരിട്ടെത്തി ഫയലുകൾ പരിശോധിച്ചിട്ടുള്ളതാണെന്നുമാണ്. പരിശോധനാ വേളയിൽ ലഭ്യമായ രേഖകളെല്ലാം ഹാജരാക്കിയിട്ടുള്ളതാണെന്നുമാണ്. 9.5.2022–ന് അപേക്ഷക നൽകിയ അപ്പീലിന് 6.6.2022–ന് മറുപടി നൽകിയിട്ടുള്ളതും ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ അനുവദിച്ചിട്ടുള്ള-താണെന്നുമാണ്. മേൽപ്പടി അപേക്ഷയിൽ എസ്.പി.ഐ.ഒ കാര്യക്ഷമമായി ഇടപ്പെട്ടിട്ടുണ്ടെന്നും വീഴ്ചകൾ ഉണ്ടായിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും ഹിയറിംഗ് വേളയിൽ ഹർജിക്കാരിയും എതിർകക്ഷികളും ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിക്ക് കൃത്യസമയത്ത് രേഖകളുടെ പകർപ്പ് നൽകുന്നതിൽ എസ്.പി.ഐ.ഒയുടെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു. അതേ സമയം പ്രസ്തുത വീഴ്ച മന:പൂർവ്വം സംഭവിച്ചതായി കമ്മീഷൻ കാണുന്നില്ല.

ആയതിനാൽ ഭാവിയിൽ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ വളരെയധികം ശ്രദ്ധിക്കണമെന്ന് കമ്മീഷൻ എതിർകക്ഷികളോട് നിർദ്ദേശിക്കുന്നു. അതോടൊപ്പം ഹർജിക്കാരി വിവരങ്ങൾ/രേഖകളുടെ പകർപ്പ് ആവശ്യപ്പെടുമ്പോൾ എസ്.പി.ഐ.ഒയുടെ പക്കൽ ടി വിവരം ലഭ്യമാണെങ്കിൽ നൽകുക തന്നെ വേണം. അതിനുപകരം 6.4.2022–ന് നൽകിയ മറുപടിയിൽ വ്യക്തമായ സമയം സൂചിപ്പിക്കാതെ ഹർജിക്കാരിക്ക് ഫിസിക്കൽ വെരിഫിക്കേഷൻ അനുവദിക്കുക എന്നത് ശരിയായ നടപടിയായി കമ്മീഷൻ കാണുന്നില്ല. 6.4.2022–ന് രേഖകൾ പരിശോധിക്കുന്നതിന് ഹർജിക്കാരിക്ക് അവസരം നൽകിയെങ്കിലും കമ്മീഷന് രണ്ടാം അപ്പീൽ സമർപ്പിച്ചതിനുശേഷം 6.8.2022–ന് മാത്രമാണ് ഹർജിക്കാരിക്ക് രേഖകളുടെ പകർപ്പ് ലഭിച്ചതെന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഹർജിക്കാരിയിൽ നിന്നും രേഖകളുടെ പകർപ്പിനായി ഈടാക്കിയ തുകയായ 120/– രൂപ ടിയാൾക്ക് തിരികെ നൽകുവാൻ കമ്മീഷൻ നിർദ്ദേശിക്കുന്നു. മേൽ നിർദ്ദേശപ്രകാരം സ്വീകരിച്ച നടപടി 10.2.2023 നകം കമ്മീഷനെ രേഖാമൂലം എസ്.പി.ഐ.ഒ അറിയിക്കേണ്ടതാണ്.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ജനുവരി 19–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk